പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1436** | **16-10-2026-ൽ മറുപടിയ്ക്ക്**

**കൃഷി സഖി പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** | **മറുപടി നൽകിയ മന്ത്രി**

ശ്രീ. എൻ. ശക്തൻ

ശ്രീ. സി. വി. ശാന്തകുമാർ

ശ്രീ. എം. ആർ. ബൈജു

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് കൃഷി മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി കൃഷി സഖി പദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ;

**മറുപടി:** കാർഷിക മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കുകയും, കാർഷിക ഉൽപ്പാദനശേഷി വർധിപ്പിച്ചുകൊണ്ട് ഉൽപ്പന്ന മൂല്യവർദ്ധന വൈവിധ്യ വൽക്കരണത്തിലൂടെ വനിതകളെ ഗ്രൂപ്പുകളായി ശക്തിപ്പെടുത്തുകയും ചെയ്യുന്ന "കൃഷി സഖി" എന്നപേരിൽ വനിതാ കാർഷിക പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു. പദ്ധതി പ്രവർത്തനങ്ങൾക്കായി 350.00 ലക്ഷം രൂപ 2026-ലെ പുതുക്കിയ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതും, അന്താരാഷ്ട്ര വനിതാ കർഷക വർഷമായി 2026 നെ ഐക്യരാഷ്ട്ര സഭ പ്രഖ്യാപിച്ച ഈ വർഷം തന്നെ പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.

**(ബി)** കൃഷി സഖി പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും ഇത് ഏത് രീതിയിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ;

**മറുപടി:** കാർഷിക മേഖലയിൽ നൂതന സാങ്കേതിക വിദ്യകളുടെ പിൻബലത്തോടെ കാർഷിക ഉത്പ്പന്നങ്ങളുടെ വൈവിധ്യവത്ക്കരണം നടപ്പിലാക്കുകയും കൂട്ടായ കൃഷിയും കാർഷികാധിഷ്ഠിത സംരംഭങ്ങളും ആരംഭിച്ച് സ്ത്രീകളുടെ മുന്നേറ്റവും അവർക്ക് മികച്ച സാമ്പത്തികാടിത്തറയും സൃഷ്ടിക്കുന്നതിനാണ് കൃഷി സഖി പദ്ധതി പ്രധാനമായി ലക്ഷ്യമിടുന്നത്.

പദ്ധതി ലക്ഷ്യങ്ങളോട് താൽപ്പര്യവും പ്രതിബദ്ധതയുമുള്ള 5 മുതൽ പരമാവധി 20 വരെ വനിതകൾ അംഗങ്ങളായി ഉൾപ്പെട്ട കൃഷി സഖി ഗ്രൂപ്പുകൾ, സ്വയംസഹായ സംഘങ്ങളായി രജിസ്റ്റർ ചെയ്ത് കൂട്ടായ പ്രവർത്തനങ്ങളിലൂടെ കാർഷിക മേഖലയിൽ സജീവമായി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സംസ്ഥാന തലത്തിൽ വനിതാ കർഷക കൺസോർഷ്യം (State Level Women Farmers' Consortium) രൂപീകരിക്കുകയും പദ്ധതിയുടെ ഏകോപനം നയ മാർഗ്ഗരേഖകൾ തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. സംസ്ഥാനാടിസ്ഥാനത്തിലുള്ള കൺസോർഷ്യത്തിന്റെ ഉദ്ദേശ്യ ലക്ഷ്യത്തോടൊപ്പം ജില്ലാതലത്തിലും സാങ്കേതിക കൺസോർഷ്യം/കമ്മിറ്റി (District Level Technical Consortium/Committee) പ്രവർത്തിക്കുന്നു. കൃഷി വകുപ്പിന് കീഴിലുള്ള SFAC-Kerala (Small Farmers

Agri Business Consortium - Kerala) കൃഷി സഖി പ്രവർത്തനങ്ങളുടെ നിർവ്വഹണ ഏജൻസിയായിയായും പ്രവർത്തിക്കും.

ബ്ലോക്ക് തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരും കൃഷി ഓഫീസർമാരും അംഗങ്ങളായും രൂപീകരിച്ച സമിതിയാണ് കൃഷി സഖി വനിതാ ഗ്രൂപ്പുകളെ തിരഞ്ഞെടുക്കുന്നത്. കൂടാതെ, ഗ്രൂപ്പുകളുടെ തുടർപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആവശ്യമായ സഹായം നൽകുന്നതിനും സമിതി നേതൃത്വം നൽകുന്നു. സംസ്ഥാനാടിസ്ഥാനത്തിൽ എല്ലാ കാർഷിക ബ്ലോക്കുകളും പദ്ധതിയിൽ ഉൾപ്പെടുന്നതും നടപ്പ് സാമ്പത്തിക വർഷം ആകെ 300 കൃഷി സഖി ഗ്രൂപ്പുകൾ രൂപീകരിച്ച പ്രവർത്തനം ആരംഭിക്കുന്നതുമാണ്.

**(സി)** പ്രസ്തുത പദ്ധതി കൃഷിഭവനുകൾ കേന്ദ്രീകരിച്ചാണോ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കൃഷി സഖി പദ്ധതി കൃഷി ഭവനുകൾ കേന്ദ്രീകരിച്ചാണ് നടപ്പിലാക്കുന്നത്. സംസ്ഥാനത്തുള്ള എല്ലാ കൃഷി ഭവനുകളിലും കൃഷി സഖി ഗ്രൂപ്പുകൾ രൂപീകരിക്കുന്നതും 2026-27 സാമ്പത്തിക വർഷം മികച്ച ഗ്രൂപ്പുകൾക്ക് പിന്തുണസഹായം അനുവദിക്കുന്നതുമാണ്.

**(ഡി)** പ്രസ്തുത പദ്ധതിയുടെ ഭാഗമായി വനിതാ കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കൃഷി സഖി വനിതാ കർഷക ഗ്രൂപ്പുകളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ കൈവരിക്കുന്ന പ്രവർത്തനങ്ങൾക്കായി ഗ്രൂപ്പ് രൂപീകരണം മുതൽ വിപണനം വരെയുള്ള വിവിധ ഘട്ടങ്ങൾ ആസൂത്രണം ചെയ്യുന്നതിനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതും, കൂടാതെ ഗ്രൂപ്പുകൾക്കാവശ്യമായ പ്രവർത്തന മൂലധനം, കൂട്ടായ കാർഷിക സംരംഭക പ്രവർത്തനങ്ങൾ, ചെറിയ ഉപകരണങ്ങൾ വാങ്ങൽ, ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവ് ബ്രാൻഡിംഗ് പാക്കേജിംഗ് വിപണന പ്രവർത്തനങ്ങൾ എന്നിവക്കായി മാച്ചിങ് ഗ്രാന്റ് ഇനത്തിൽ പ്രത്യേക സാമ്പത്തിക സഹായം നൽകി ഗ്രൂപ്പുകളെ ശാക്തീകരിക്കുന്നതുമാണ്.

ഏറ്റവും കുറഞ്ഞത് 0.50 ഹെക്ടർ കൃഷി ചെയ്യുന്ന കൃഷി സഖി വനിതാ ഗ്രൂപ്പുകൾ തയ്യാറാക്കി സമർപ്പിക്കുന്ന വിശദമായ പദ്ധതി മാർഗ്ഗരേഖ (Detailed Project Report) പ്രകാരം ഗ്രൂപ്പുകൾക്കാവശ്യമായ ഉൽപ്പാദനോപാദികൾ കാർഷികോപകരണങ്ങൾ പശ്ചാത്തല വികസനം ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ് വിളവെടുപ്പാനന്തര സംസ്കരണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് അംഗീകാരം ലഭിച്ച പദ്ധതി മാർഗ്ഗരേഖയുടെ 75% തുകയോ പരമാവധി 10.00 ലക്ഷം രൂപയോ ഗ്രൂപ്പിന് ധനസഹായമായി ലഭ്യമാക്കും.

**സെക്ഷൻ ഓഫീസർ**